"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സാമൂഹ്യസുരക്ഷാപെൻഷൻ പദ്ധതി -മതസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മന്ദിരങ്ങൾ, മഠങ്ങൾ, കോൺവെന്റുകൾ, ആശ്രമങ്ങൾ, മതവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്ന കന്യാസ്ത്രീകൾ ഉൾപ്പെടെയുള്ള അർഹരായ സ്ത്രീകൾക്ക് സർക്കാരിന്റെ സാമൂഹ്യസുരക്ഷാ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(അച്ചടി) നം.12/2026/LSGD തീയതി,തിരുവനന്തപുരം, 12-02-2026

പരാമർശം:-

1. സ. ഉ (കൈ) 14/2001/സ. ക്ഷേ. വ തീയതി 31/03/2001
2. സ. ഉ (കൈ) 97/2020/ധന തീയതി 23/09/2020
3. സ. ഉ (കൈ) 30/2023/ധന തീയതി 27/02/2023

**ഉത്തരവ്**

പരാമർശം -1 പ്രകാരം സമൂഹത്തിലെ ദുർബല വിഭാഗത്തിൽ പെട്ടവരും സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ ഒന്നും ഉൾപ്പെടാത്തതും ആയ അവിവാഹിതരായ 50 വയസ്സിൽ കൂടുതൽ പ്രായമുള്ള സ്ത്രീകൾക്ക് ഒരു പെൻഷൻ പദ്ധതി നിലവിലുണ്ട്. പരാമർശം-3 പ്രകാരം മതസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മന്ദിരങ്ങൾ, മഠങ്ങൾ, കോൺവെന്റുകൾ, ആശ്രമങ്ങൾ മതവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്ന കന്യാസ്ത്രീകൾ ഉൾപ്പെടെയുള്ള അർഹരായ സ്ത്രീകൾക്ക് സർക്കാരിൻറെ സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് തടസ്സങ്ങൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചു.മതസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മന്ദിരങ്ങൾ, മഠങ്ങൾ, കോൺവെന്റുകൾ, ആശ്രമങ്ങൾ, മതവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്ന കന്യാസ്ത്രീകൾ ഉൾപ്പെടെയുള്ള അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമുള്ള, ശമ്പളം, പെൻഷൻ, തുടങ്ങിയ സർക്കാരിൻ്റെ ആനുകൂല്യങ്ങൾ ലഭിക്കാത്ത സ്ത്രീകളെ ഒരു പ്രത്യേക വിഭാഗമായി കണക്കാക്കി പരാമർശം - 2 പ്രകാരം നൽകിവരുന്ന സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്ന വിധം ഒരു പ്രത്യേക സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പ്രത്യേകം പുറപ്പെടുവിക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
2.അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
3.ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
4.ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
5.ബഹു. ഉന്നത വിദ്യാഭ്യാസവും സാമൂഹിക ക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
6.ബഹു. വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
7. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
8. ധനകാര്യ വകുപ്പ് ( 3411496/sfc-B2/20/2026)
9.പൊതുഭരണ (എസ്.സി) വകുപ്പ്
10.സാമൂഹ്യനീതി വകുപ്പ് ( c3/39/2026/SJD)
11.പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
12. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂമീഡിയ) വകുപ്പ്.
13.സ്റ്റോക്ക് ഫയൽ/ആഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 13-02-2026 11:18:08